# കസ്റ്റഡിയിൽ നിന്നും രക്ഷപെട്ട ബുള്ളറ്റ് മോഷണ കേസിലെ പ്രതിയെ മണിക്കൂറുകൾക്കകം സിറ്റി ഷാഡോ പോലീസ് പിടികൂടി.

**ഒളിവിൽ നിന്ന് വീണ്ടും ബുള്ളറ്റ് മോഷണം നടത്തി.....**

**തമിഴ്നാട്ടിലേക്ക് രക്ഷപ്പെടാൻ പദ്ധതി....**

**പോലീസ് പിടികൂടാതിരിക്കാൻ ക്ലീൻ ഷേവ് ചെയ്താണ് ഇയാൾ നടന്നത്....**

തിരുവനന്തപുരം: നിരവധി ബുള്ളറ്റ് മോഷണക്കേസിൽ ഷാഡോ പോലീസ് പിടികൂടിയ കണ്ടല, കൊറ്റമ്പള്ളി പേരൂർകോണം, തുഷാരം വീട്ടിൽ സെബിൻ സ്റ്റാലിൻ (28)നാണ് ഇന്നലെ ഉച്ചയോടെ തമ്പാനൂർ സ്റ്റേഷനിൽനിന്നും നിന്നും രക്ഷപ്പെട്ടത്. പോലീസുകാരനെ തള്ളിയിട്ട ശേഷം പുറകുവശത്തെ മതിൽ ചാടി കടന്നാണ് ഇയാൾ രക്ഷപ്പെട്ടത്.

സ്റ്റേഷനിൽ നിന്ന് രക്ഷപ്പെട്ട ഇയാൾ പാളയത്തെത്തുകയും അവിടെ നിന്ന് മുൻപ് താമസിച്ചിരുന്ന ഇടപ്പഴിഞ്ഞിയിലുള്ള വാടക വീട്ടിലെത്തി. ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്ന ഈ വീട്ടിലെ മതിൽ ചാടിക്കടന്ന് അകത്തിരുന്നു. ഇതിനിടയിൽ വഴിയിൽ ഒരു വീട്ടിൽ നിന്നും ഒരു ടീ ഷർട്ടും ഇയാൾ ഇടുന്നതിനായി മോഷ്ടിച്ചിരുന്നു. അർദ്ധരാത്രി ഇറങ്ങി സി.എസ്.എം നഗറിലെ ഒരു വീട്ടിലെ മതിൽ ചാടിക്കടന്ന് ഒരു ബുള്ളറ്റ് മോഷണം നടത്തി, തമിഴ്നാട്ടിലെക്ക് കടക്കുന്നതിനായാണ് ഇയാൾ വാഹനം മോഷ്ടിച്ചത്. ഇയാൾ വരാൻ സാധ്യതയുള്ള സ്ഥലങ്ങൾ മനസ്സിലാക്കി ആ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഷാഡോ ടീമംഗങ്ങൾ ഉണ്ടായിരുന്നു. തുടർന്നാണ് ഇയാളെ കിള്ളിപ്പാലം ബണ്ട് റോഡിൽ വെച്ച് സിറ്റി ഷാഡോ ടീം പിടി കൂടുന്നത്

ബുള്ളറ്റ് മോഷണക്കേസ്സിൽ ജയിലിൽ നിന്നിറങ്ങിയ ശേഷം ആയുർവ്വേദ കോളെജിന് സമീപത്ത് നിന്നും മറ്റൊരു ബുള്ളറ്റ് മോഷണം നടത്തിയതിനാണ് ഇയാൾ പിടിയിലായത്. കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ടതിനും മൂസിയം സ്റ്റേഷൻ പരിധിയിൽ നിന്ന് ബുള്ളറ്റ് മോഷണം നടത്തിയതിനും ഇയാൾക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യും.

സിറ്റി പോലീസ് കമ്മീഷണർ ഐ.ജി ദിനേന്ദ്ര കശ്യപ് ,അഡീഷണൽ കമ്മീഷണർ സഞ്ജയ് കുമാർ ഗുരുദിൻ, ഡി.സി.പി ആർ.ആദിത്യ, ഫോർട്ട് എ.സി പ്രതാപൻ നായർ, സ്പെഷ്യൽ ബ്രാഞ്ച് എ.സി. പ്രമോദ് കുമാർ, കൺട്രോൾ റൂം എ.സി ശിവസുതൻ പിള്ള, തമ്പാനൂർ സി.എ അജയ് കുമാർ, എസ്.ഐ ജിജുകുമാർ ഷാഡോ എ.എസ്.ഐമാരായ യശോധരൻ, അരുൺകുമാർ ഷാഡോ ടീമാംഗങ്ങൾ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും ഉണ്ടായിരുന്നത്.

OFFICE OF THE COMMISSIONER OF POLICE THIRUVANANTHAPURAM CITY

**സിറ്റി പോലീസ് കമ്മീഷണർ**

**തിരുവനന്തപുരം**

**തിരുവനന്തപുരം**

**07/06/2019**